പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2146
17.06.2014-ലെ മറുപടിക്ക്

## പങ്കാളിത്ത പെൻഷൻകാർക്ക് മിനിമം പെൻഷൻ

ചോദ്യം
ശ്രീ.റ്റി.വി.രാജേഷ്

ഉത്തരം
ശ്രീ.കെ.എം.മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | |
|---|---|---|
| (എ) | പങ്കാളിത്ത പെൻഷൻ പദ്ധതിയിലുള്ള ജീവനക്കാരുടെ വിരമിക്കൽ പ്രായം എത്രയാണ് ? | പങ്കാളിത്ത പെൻഷൻ പദ്ധതിയിലുള്ള ജീവനക്കാരുടെ വിരമിക്കൽ പ്രായം അറുപതു വയസ്സാണ്. |
| (ബി) | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഇതുവരെയായി ജീവനക്കാരിൽ നിന്നും എത്ര തുക പിടിച്ചു; ജീവനക്കാരിൽ നിന്നും പിടിച്ച തുകയ്ക്ക് ആനുപാതികമായി സർക്കാർ എത്ര തുക ഇതുവരെയായി ഫണ്ടിൽ നിക്ഷേപിച്ചു? | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ 2014 മാർച്ച്, ഏപ്രിൽ മാസങ്ങളിലായി ജീവനക്കാരുടെ വിഹിതമായി പതിനാറു ലക്ഷത്തി പതിനാറായിരം രൂപയും ഇതേ തുക തന്നെ സർക്കാർ വിഹിതമായും പെൻഷൻ ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| (സി) | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉള്ള ജീവനക്കാർക്ക് നിലവിലുള്ള പ്രോവിഡന്റ് ഫണ്ടിൽ ചേരാൻ വ്യവസ്ഥയുണ്ടോ? | പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമായിട്ടുള്ള ജീവനക്കാർക്ക് ജനറൽ പ്രോവിഡന്റ് ഫണ്ട് ബാധകമാക്കി കൊണ്ട് 24.02.2014 തീയതിയിലെ സ.ഉ.(പി) നം.81/2014/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ഡി) | ഇവർക്ക് മിനിമം പെൻഷൻ, ഫാമിലി പെൻഷൻ, ആശ്രിത നിയമനം തുടങ്ങിയവ വ്യവസ്ഥ ചെയ്യുന്നുണ്ടോ? | മിനിമം പെൻഷൻ, ഫാമിലി പെൻഷൻ എന്നിവ നിശ്ചയിക്കുന്നത് പി.എഫ്.ആർ.ഡി.എ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായാണ്. ദേശീയ പെൻഷൻ പദ്ധതി ബാധകമായിട്ടുള്ള ജീവനക്കാർക്ക് നിലവിലുള്ള നിയമങ്ങളനുസരിച്ച് ആശ്രിത നിയമനത്തിന് അർഹതയുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ.